# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2760 19.06.2014 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിൽ പി.എസ്.സി. വഴി നിയമനം

*ചോദ്യം*
ശ്രീ.പി. ഉബൈദുള്ള

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.ക്കു വിടുന്നതിനു എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ഡി) | 15.12.10 ലെ കാബിനറ്റ് തീരുമാനപ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 18.12.10 ലെ സ.ഉ.(എം.എസ് )399/10/ഉ.വി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടാനുള്ള തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321 -ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളൂ. ഇങ്ങനെ നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയില്ല. നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ ആവുകയില്ല. അങ്ങനെ ചെയ്താൽ അതിന് നിയമ സാധുതയും ഉണ്ടാവില്ല. ഈ വിഷയങ്ങൾ പരിഗണിച്ച് 04.02.11 ന് സർക്കാർ ഉത്തരവ്(എം.എസ്) നം. 11/2011/ഉ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിടുന്നതിന്റെ ആദ്യപടിയായി KPSC (Additional Functions as |
| (ഡി) | സർവ്വകലാശാലകളിലെ നിയമനങ്ങൾ പി.എസ്.സിയ്ക്കു വിടാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?. | | |

| | | | |
|---|---|---|---|
| | | | Respects Universities) Act എന്ന രീതിയിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. അതിനുള്ള കരട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയിലാണ് . കൂടാതെ സർവ്വകലാശാലകളിലെ ആക്റ്റുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ബില്ല് തയ്യാറാക്കി വരുന്നുണ്ട്.<br><br>സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ യു.ജി.സി. സ്കെയിലിൽ ഉള്ളവയും അല്ലാത്തവയുമായ തസ്തികകൾ ഉണ്ട്. ആയതിനാൽ നിയമന ചുമതല പി.എസ്.സി. യ്ക്ക് വിടുമ്പോൾ സർവ്വകലാശാലകളിലെ ഏതൊക്കെ അനദ്ധ്യാപക തസ്തികകൾ നിയമനത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന് വ്യക്തമാക്കേണ്ടത് ആവശ്യമായിരുന്നു. ഇത് അധികം സമയം ആവശ്യമായി വന്ന പ്രക്രിയയാണ്. പ്രസ്തുത ഉത്തരവുകൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ ഇവയാണ്. |
| (ബി) | ഏതെങ്കിലും സർവ്വകലാശാലകളിൽ ഇപ്പോൾ പി.എസ്.സി. വഴി നിയമനം നടത്തിയിട്ടുണ്ടോ; | (ബി) & (സി) | ഇല്ല |
| (സി) | എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | | |

സെക്ഷൻ ഓഫീസർ